പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1533 — 15.6.2012 ൽ മറുപടിയ്ക്ക്

## ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.ബി. സത്യൻ.എം.എൽ.എ | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
|---|---|
| (എ) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണത്തിനും പരിപാലനത്തിനും സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്‍ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | എ) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണത്തിനായി സാമൂഹ്യക്ഷേമ വകുപ്പിന്‍ കീഴിൽ കോഴിക്കോട് ജില്ലയിൽ Home for Mentally Deficient Children(HMDC) എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. |
| (ബി) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണത്തിന് വൻ തുക ചെലവാകുന്ന സാഹചര്യത്തിൽ ഇവരുടെ കുടുംബങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) വികലാംഗർക്കായി നൽകി വരുന്ന ചികിത്സാ ധനസഹായ പദ്ധതിയിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികളെയും ഉൾപ്പെടുത്തി പരമാവധി 5000/- രൂപ വരെ ചികിത്സാ ധനസഹായം നൽകി വരുന്നു. ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ പരിചരിക്കുന്നതിന് അവരുടെ മാതാപിതാക്കൾക്ക് ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസ ധനസഹായമായി 400/- രൂപ നൽകി വരുന്നുണ്ട്. വികലാംഗർക്കായി പ്രവർത്തിച്ചുവരുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കും പ്രവേശനം നൽകി പരിശീലനം നൽകി വരുന്നുണ്ട്. |
| (സി) ഇവരുടെ മാതാപിതാക്കൾക്ക് നികുതിയിളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ? | (സി)ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി ചെലവാകുന്ന തുകയിൽ 50,000/-രൂപ മുതൽ 1,00,000/- രൂപ വരെ ആദായ നികുതിയിനത്തിൽ ഇളവ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ